# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 02 2023



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


## സന്നിധാനത്തെ പന്നിക്കൂട്ടങ്ങൾ എവിടെ?

ശബരിമല: സന്നിധാനത്ത് പതിവായി കാണുന്ന പന്നിക്കൂട്ടങ്ങൾ എവിടെ?. സ്ഥിരമായി ശബരിമലയിലെത്തുന്നവർക്ക് ഇത്തവണയു ായ സംശയമാണ്. ഒടുവിൽ പമ്പ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ജി ആജികുമാർ അതിന് ഉത്തരം നൽകി. 'തീർഥാടന കാലത്ത് ഭക്തർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കാറുള്ള പന്നികളെ വനം വകുപ്പ് പിടികൂടി ഉൾക്കാട്ടിലേക്ക് അയച്ചിരുന്നു. മണ്ഡല കാലത്തിന് മുമ്പ് 84 പന്നികളെയാണ് കാട് കയറ്റിയത്. പിടി നൽകാതിരുന്ന ചിലത് മാത്രമാണ് ഇപ്പോൾ സന്നിധാനത്തുള്ളത്. ഭക്തർക്ക് ബുദ്ധിമുട്ടായാൽ ഇവയെയും കൂട്ടിലാക്കും'.

കഴിഞ്ഞ വർഷം വരെ സന്നിധാനത്ത് എത്തിയവർ കാട്ടുപന്നി ശല്യം നേരിട്ടിരുന്നു. ഇതോടെ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് പ്രകാരമാണ് പന്നികളെ നീക്കിയത്. പെരിയാർ കടുവ സങ്കേതം വെസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ കെ വി ഹരികൃഷ്ണന്റെയും പമ്പ റെയിഞ്ച് ഓഫീസറുടെയും നേതൃത്വത്തിലാണ് കൂടുകൾ

സ്ഥാപിച്ച് പിടികൂടിയത്. തുടർന്ന് ട്രാക്ടറിൽ പമ്പയിലെത്തിച്ചു. ഇവിടെ നിന്നും പ്രത്യേക വാഹനങ്ങളിൽ കയറ്റി ഉൾക്കാട്ടിലേക്കയച്ചു. വെറ്ററിനറി ഓഫീസറുടെ സാന്നിധ്യത്തിൽ 10 ദിവസമെടുത്താണ് ഉദ്യമം പൂർത്തിയാക്കിയത്. 20 ഓളം ജീവനക്കാരാണ് ഇതിനായി പ്രവർത്തിച്ചത്.

(പി.ആർ. ശബരി- 224)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ
## 03.01.2023)

.........
പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് .... പതിവ് അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 12 മണി വരെയും നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം ആരംഭിക്കും.
7.30 ന് ഉഷപൂജ
12.30 ന് 25 കലശപൂജ
തുടർന്ന് കളഭാഭിഷേകം12.45 ന് ഉച്ചപൂജ
1.30 മണിക്ക് ക്ഷേത്രനട അടയ്ക്കും.
വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന് ദീപാരാധന
9.30 മണിക്ക് .....അത്താഴപൂജ
11.20 ന് ഹരിവരാസനം സങ്കീർത്തനം പാടി 11.30 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്പിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.